പഠനം

റാശിദുൽ ഗനൂശി

സ്ത്രീ ഖുർആനിലും മുസ്‌ലിം ജീവിതത്തിലും - 7

# മനശ്ശാസ്ത്ര പഠനങ്ങളും സ്ത്രീ സ്വത്വവും

പുരുഷന്റെ ലൈംഗിക ജീവിതം അവനുമായി ബന്ധപ്പെട്ടതാണെങ്കിൽ, സ്ത്രീയുടേത് അവളുടെ പങ്കാളിയെക്കൂടി ഉൾക്കൊള്ളുന്നതാണ്. പുരുഷനുള്ള പലതരം ബന്ധങ്ങളിൽ ഒന്നാണ് ലൈംഗിക ബന്ധവും; ഈ ബന്ധം പരമപ്രധാനമാണെങ്കിൽ കൂടി. സ്ത്രീയുടെ ലൈംഗിക ജീവിതമെന്നത് അവളുടെ അസ്തിത്വത്തിന്റെതന്നെ ഭാഗമാണ്. അതുകൊണ്ടാണ് വൈവാഹികബന്ധത്തിൽ അവൾ കൂടുതൽ 'ഇൻവോൾവ്ഡ്' ആയി കാണപ്പെടുന്നത്.

**മനുഷ്യന്റെ** വ്യക്തിത്വം രൂപപ്പെടുത്തുന്നതിൽ അവന്റെ/അവളുടെ നൈസർഗിക വികാരങ്ങൾക്കും മോഹങ്ങൾക്കുമുള്ള പങ്ക് ആധുനിക മനശ്ശാസ്ത്രപഠനങ്ങൾ തെളിച്ചുകാട്ടിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പഠനമേഖലയിൽ വലിയ വിപ്ലവംതന്നെയാണ് സംഭവിച്ചിട്ടുള്ളത്. ഇത്തരം കണ്ടെത്തലുകൾ ആദ്യം പഠിക്കേണ്ടതും ഉൾക്കൊള്ളേണ്ടതും ഇസ്‌ലാമിസ്റ്റുകളാണ്. കാരണം മനുഷ്യ യാഥാർഥ്യത്തെക്കുറിച്ച വെളിപ്പെടുത്തലുകളാണിവ. ലൈംഗിക ചിന്തയാണെന്ന് ആരോപിച്ച് ഇത്തരം അടിസ്ഥാന ചോദനകളെ അവഗണിക്കുകയോ മറച്ചുപിടിക്കുകയോ ചെയ്യുന്ന പ്രവണതയാണ് കുറെക്കാലമായി തുടർന്നുപോരുന്നത്. സാമൂഹിക ശാസ്ത്രങ്ങളിലും ഇതേ പ്രവണത നിങ്ങൾക്ക് കാണാനാവും. ഈ അർഥത്തിൽ ഗലീലിയോ, ന്യൂട്ടൻ, മാർക്സ്, ഫ്രോയിഡ് തുടങ്ങിയവരുടെ കണ്ടെത്തലുകൾ മനുഷ്യാസ്തിത്വത്തെ വലയം ചെയ്തിരുന്ന പലതരം കെട്ടുകഥകളെ പൊളിക്കുന്നതും മനുഷ്യാസ്തിത്വത്തിന്റെ ആഴം വെളിപ്പെടുത്തിത്തരുന്നതുമാണ്. ഓരോ ശാസ്ത്രീയ കണ്ടെത്തലും മനുഷ്യ ഉൺമയെന്ന ഈ വഞ്ചിയെ ഇസ്‌ലാമിന്റെ തീരത്തേക്കാണ് അടുപ്പിച്ചുകൊണ്ടിരിക്കുന്നത് എന്ന് മനസ്സിലാക്കണം.

"എനിക്ക് ശേഷം പുരുഷന്മാർക്ക് നേരിടേണ്ടിവരുന്ന ഏറ്റവും തീക്ഷ്ണമായ ഫിത്ന (പരീക്ഷണം) സ്ത്രീകൾ ആയിരിക്കും" എന്നൊരു നബിവചനം ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. നാം തുടക്കത്തിൽ ഉദ്ധരിച്ച ഖുർആൻ സൂക്തത്തിൽ "സ്ത്രീകൾ, സന്താനങ്ങൾ... തുടങ്ങിയവയോടുള്ള സ്നേഹം മനുഷ്യർക്ക് അലങ്കാരമാക്കപ്പെട്ടിരിക്കുന്നു" എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ ഖുർആൻ, ഹദീസ് വചനങ്ങളെ വ്യാഖ്യാനിക്കവെ പണ്ഡിതന്മാർ നിരവധി സംശയങ്ങൾ ഉയർത്തിയിട്ടുണ്ട്. അവ എന്തൊക്കെ എന്ന് അറിഞ്ഞിരിക്കൽ നല്ലതാണ്.

1. മറ്റെല്ലാ നൈസർഗിക വികാരങ്ങളേക്കാളും മോഹങ്ങളേക്കാളും സ്ത്രീയോടുള്ള സ്നേഹം മുന്തിച്ച് പറയാൻ എന്താണ് കാരണം?

2. പുരുഷന് സ്ത്രീയോടുള്ള സ്നേഹം എന്നാണല്ലോ എല്ലായിടത്തും പ്രയോഗം. തിരിച്ച് സ്ത്രീക്ക് പുരുഷനോടും സ്നേഹമില്ലേ? അത് എന്തുകൊണ്ട് പറയുന്നില്ല?

3. സ്ത്രീ പുരുഷന് 'ഫിത്ന'യാണ് എന്നു പറഞ്ഞാൽ എന്താണർഥം?

സ്ത്രീ പുരുഷനിലേക്ക് ആകർഷിക്കപ്പെടുന്നതിനേക്കാൾ തീക്ഷ്ണമായി പുരുഷൻ സ്ത്രീയിലേക്ക് ആകർഷിക്കപ്പെടുന്നുണ്ടെന്നും അതിനാലാണ് പുരുഷന് സ്ത്രീയോടുള്ള സ്നേഹം മാത്രം എടുത്തു പറഞ്ഞതെന്നും ചില ഖുർആൻ വ്യാഖ്യാതാക്കൾ വ്യക്തമാക്കിയിട്ടുണ്ട്. "സ്ത്രീക്ക് അവളുടെ സ്നേഹം കടിഞ്ഞാണിടാനും ഒളിച്ചുവെക്കാനും അങ്ങനെ സ്വയം നിയന്ത്രിക്കാനും കഴിയുന്നു. പ്രണയത്തിൽ കുടുങ്ങി ഭ്രാന്ത് പിടിച്ച് സ്വയം വിലകെടുത്തുന്ന ആയിരക്കണക്കിന് പുരുഷന്മാരുടെ വാർത്തകൾ നിങ്ങൾ കേട്ടുകൊണ്ടിരിക്കുന്നു. ഇത്ര തീവ്രമായ പ്രണയം സ്ത്രീ പുരുഷനോട് കാണിക്കുന്നതിന്റെ പത്ത് ഉദാഹരണങ്ങൾ പോലും നിങ്ങൾക്ക് ചൂണ്ടിക്കാട്ടാനാവുകയില്ല."[1] ഇതല്ലാതെ മറ്റു കാരണങ്ങളും ഉണ്ടായിക്കൂടേ?

ചില ഖുർആൻ വ്യാഖ്യാതാക്കളുടെ നിഗമനങ്ങളെ ശരിവെക്കുന്ന ലൈംഗിക മനശ്ശാസ്ത്ര പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. നമുക്ക് ദിശാബോധം നൽകാൻ പര്യാപ്തമാണ് അത്തരം പഠനങ്ങൾ. മാനസികമായി സ്ത്രീയും പുരുഷനും വ്യത്യസ്ത തലങ്ങളിലാണെന്ന കാര്യം മനശ്ശാസ്ത്രത്തിൽ ചോദ്യം ചെയ്യപ്പെടാത്ത അടിസ്ഥാനമാണെന്ന് മനശ്ശാസ്ത്രജ്ഞനായ ഓസ്വാൾഡ് ഷാർസ് വ്യക്തമാക്കിയിട്ടുണ്ട്.[2]

ലൈംഗികധർമങ്ങളുടെ നിർവഹണത്തിലാണ് പ്രധാനമായും ഈ സ്ത്രീപുരുഷ വ്യത്യാസം കാണപ്പെടുന്നതെന്ന് ഖുർആൻവ്യാഖ്യാതാക്കൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. "സ്ത്രീയുടെ ഏതൊരു സവിശേഷതക്കും അവളുടെ ലൈംഗിക ധർമവുമായി ബന്ധമുണ്ട്. അല്ലെങ്കിൽ ലൈംഗിക ധർമത്തിന്റെ ഫലമായാണ് ഏതൊരു സ്ത്രൈണ സവിശേഷതയും ഉടലെടുക്കുന്നത്. സ്ത്രീയുടെ ഉൺമയുമായി ബന്ധപ്പെട്ട അടിസ്ഥാന ധർമമാണ് ലൈംഗികത എന്നത്. എന്നാൽ പുരുഷനിൽ അത് അങ്ങനെയല്ല. വന്നുചേരുന്നത് (അറള്) മാത്രമാണ്. ലൈംഗിക ധർമം സ്ത്രൈണ പ്രകൃതത്തിന്റെതന്നെ അടിസ്ഥാനമാണ്. മറ്റേതെല്ലാം സ്ത്രൈണഗുണങ്ങൾ അടിസ്ഥാനപരമെന്ന് തോന്നിച്ചാലും കാലവും വേഷവും മാറുമ്പോൾ അതിൽ മാറ്റമുണ്ടാവും."[3]


റജാ ഗരോഡി

**സ്നേഹബന്ധത്തിൽ കൂടുതൽ അർപ്പണവും വിശ്വാസ്യതയും വാഗ്ദത്ത പാലനവും കാണുന്നത് എപ്പോഴും സ്ത്രീപക്ഷത്തായിരിക്കും. ദാമ്പത്യത്തിൽ മാത്രമല്ല, വിശ്വാസരംഗത്തും സ്ത്രീയുടെ അടിയുറച്ച് നിൽപും ചാഞ്ചാട്ടമില്ലായ്മയും നമുക്ക് കാണാം. ഇസ്‌ലാമിന്റെ ആദ്യ നൂറ്റാണ്ടുകളിൽ നിരവധി പേർ മതപരിത്യാഗികളായപ്പോൾ അവരിൽ സ്ത്രീകൾ അത്യപൂർവമായത് അതുകൊണ്ടാണ്.**

പുരുഷനിൽ ലൈംഗിക ഹോർമോൺ പ്രവർത്തനക്ഷമമാവുന്നതോടെ ലൈംഗികബന്ധത്തിനുള്ള ഉൽക്കടമായ അഭിലാഷം അവനിൽ നിറയുന്നു. എന്നാൽ പ്രായപൂർത്തിയാവുന്ന സ്ത്രീയിൽ കൃത്യമായി നിർവചിക്കാനാവാത്ത വികാരങ്ങളാണ് രൂപപ്പെടുക. താലോലിക്കപ്പെടണമെന്ന് അവൾ ആഗ്രഹിക്കുമെങ്കിലും അതിനും കൃത്യമായ ഒരു ലക്ഷ്യമോ രൂപമോ ഒന്നും ഉണ്ടാവുകയില്ല. ചുരുക്കത്തിൽ, പുരുഷന്റെ ലൈംഗിക ജീവിതം എന്നു പറയുന്നത് ഒരു ജൈവികധർമത്തിന്റെ നിർവഹണമാണ്; സ്ത്രീയുടേത് അവളിൽതന്നെ കുടികൊള്ളുന്ന ഒരു മാനസിക പ്രതിഭാസവും. മറ്റൊരു വാക്കിൽ, പുരുഷന്റെ ലൈംഗിക ജീവിതം അവനുമായി ബന്ധപ്പെട്ടതാണെങ്കിൽ, സ്ത്രീയുടേത് അവളുടെ പങ്കാളിയെക്കൂടി ഉൾക്കൊള്ളുന്നതാണ്. പുരുഷനുള്ള പലതരം ബന്ധങ്ങളിൽ ഒന്നാണ് ലൈംഗിക ബന്ധവും; ഈ ബന്ധം പരമപ്രധാനമാണെങ്കിൽ കൂടി. സ്ത്രീയുടെ ലൈംഗിക ജീവിതമെന്നത് അവളുടെ അസ്തിത്വത്തിന്റെതന്നെ ഭാഗമാണ്. അതുകൊണ്ടാണ് വൈവാഹികബന്ധത്തിൽ അവൾ കൂടുതൽ 'ഇൻവോൾവ്ഡ്' ആയി കാണപ്പെടുന്നത്. പുരുഷനിൽനിന്ന് സ്ത്രീക്കുള്ള പ്രധാന വ്യത്യാസം ഇതാണ്. ഈ മാനസികമായ ആഞ്ഞുപിടിത്തം ഉള്ളതുകൊണ്ട് അവളെ സംബന്ധിച്ചേടത്തോളം ശാരീരികവേഴ്ചക്ക് പോലും വലിയ പ്രാധാന്യം ഉണ്ടായില്ലെന്നും വരാം.[4]

ഈ നിരീക്ഷണങ്ങൾ കൂടി കാണുക: "പുരുഷനെ വികാരം കൊള്ളിക്കാനും ആകർഷിക്കാനും സ്ത്രീ നിർബന്ധിതയാണ്. കാരണം ഇതിനോട് പുരുഷൻ എങ്ങനെ പ്രതികരിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു ബാക്കിയെല്ലാം. അവളുടെ ഭാഗധേയം അവന്റെ കൈയിലാണ് എന്നർഥം. ലൈംഗികജീവിതത്തിൽ പൂർണതയിൽ കുറഞ്ഞതൊന്നു കൊണ്ടും അവൾ തൃപ്തിപ്പെടുകയില്ല."

"പുരുഷൻ എന്നത് അവളുടെ ലൈംഗിക ആവശ്യങ്ങൾ പൂർത്തീകരിക്കാനുള്ള ഒരു മാധ്യമം മാത്രമല്ല, അവളുടെ സ്ത്രൈണതയെ പൂർണതയിൽ കൊണ്ടെത്തിക്കുന്നവൻ കൂടിയാണ്."[5]

പുരുഷന്റെയും സ്ത്രീയുടെയും ലൈംഗിക ജീവിതം ഒരേ രീതിയിൽ കാണാൻ പറ്റുകയില്ല എന്നാണ് പറഞ്ഞുവരുന്നത്. സ്ത്രീക്ക് അവളുടെ സ്വത്വത്തെ സാക്ഷാത്കരിക്കാൻ ഗർഭധാരണം, കുട്ടികളെ വളർത്തൽ തുടങ്ങിയവ ആവശ്യമാണ്. അതിനുള്ള ഒരു ഉപാധി കൂടിയാണ് സ്ത്രീയെ സംബന്ധിച്ചേടത്തോളം ലൈംഗിക ജീവിതം. തന്റെ പുരുഷത്വം തെളിയിക്കുകയാണ് ലൈംഗികജീവിതത്തിലൂടെ പുരുഷൻ. ലൈംഗികത സ്വയം

തന്നെ ഒരു ലക്ഷ്യമാവുകയാണ് പുരുഷനിൽ.[6]

ഫ്രഞ്ച് തത്ത്വചിന്തകനായ റജാഗരോഡി സ്ത്രൈണതയെയും പൗരുഷത്തെയും താരതമ്യം ചെയ്യുന്നുണ്ട് *സ്ത്രീ ശാക്തീകരണത്തിന്റെ പാതയിൽ* എന്ന പുസ്തകത്തിൽ. പുരുഷലൈംഗികത ചില അവയവങ്ങളിൽ പരിമിതമായിരിക്കുമ്പോൾ, സ്ത്രീ ലൈംഗികത അവളുടെ മുഴുവൻ വ്യക്തിത്വത്തിന്റെയും പ്രകാശനമാവുകയാണ്. സ്നേഹം, അടുപ്പം, ആദരവ് എല്ലാം അവിടെയുണ്ട്. സ്ത്രീ ശരീരത്തിന്റെ ഏറ്റവും സൂക്ഷ്മമായ ഘടകം വരെ ഈ പ്രക്രിയയിൽ പങ്കുചേരുന്നുണ്ട്. പരുക്കനും മൃഗസമാനവുമായ പുരുഷ ലൈംഗികത സ്ത്രീയുടെ പാഠശാലയിൽ വെച്ചാണ് മെരുങ്ങുന്നതും മൃദുലമാവുന്നതും കൂടുതൽ മാനുഷികഭാവം കൈവരിച്ച് സംസ്കാരത്തിന്റെ പൂർണത പ്രാപിക്കുന്നതും. ലൈംഗിക പ്രക്രിയയിൽ പുരുഷനേക്കാൾ സമഗ്രവും സൂക്ഷ്മവുമാണ് സ്ത്രീയുടെ പങ്കാളിത്തം എന്നർഥം. സ്ത്രീ തന്റെ പങ്കാളിയിൽ സ്വയം അലിഞ്ഞ് ഇല്ലാതാവുകയാണ്. ഈ കൂടിച്ചേരലിനും സ്ത്രീ മനസ്സിന്റെ ദാഹശമനത്തിനുമുള്ള ഒരു ഉപകരണം മാത്രമായിത്തീരുകയാണ് അവളുടെ ശരീരം.[8]

പുരുഷൻ പലപ്പോഴും പൂർണമായി സമർപ്പിക്കുന്നില്ല. തന്റെ ലൈംഗിക വികാരം ശമിപ്പിക്കുന്നതിനപ്പുറം അവൻ സാധാരണ ചിന്തിക്കാറുമില്ല. സമ്പൂർണ സമർപ്പണമാണ് സ്ത്രീയിൽ കാണുന്നത്. അവളുടെ ഉൺമയുടെയും സ്ത്രൈണതയുടെയും പൂർണത ഈ സമർപ്പണത്തിലാണ്. തന്റെ സ്നേഹത്തിന് അർഹനായ ആളെ കണ്ടെത്തിയാൽ പിന്നെയവൾക്ക് ചാഞ്ചാട്ടമേ ഉണ്ടാകുന്നില്ല. തന്റെ ജീവിതം സമർപ്പിക്കാൻ യോഗ്യനായ ആളെ കണ്ടെത്താതെ വരുമ്പോഴാണ് പ്രശ്നമുണ്ടാകുന്നത്. അതിനാൽ സ്നേഹബന്ധത്തിൽ കൂടുതൽ അർപ്പണവും വിശ്വാസ്യതയും വാഗ്ദത്ത പാലനവും കാണുന്നത് എപ്പോഴും സ്ത്രീപക്ഷത്തായിരിക്കും. ദാമ്പത്യത്തിൽ മാത്രമല്ല, വിശ്വാസരംഗത്തും സ്ത്രീയുടെ അടിയുറച്ച് നിൽപും ചാഞ്ചാട്ടമില്ലായ്മയും നമുക്ക് കാണാം. ഇസ്ലാമിന്റെ ആദ്യ നൂറ്റാണ്ടുകളിൽ നിരവധി പേർ മതപരിത്യാഗികളായപ്പോൾ അവരിൽ സ്ത്രീകൾ അത്യപൂർവമായത് അതുകൊണ്ടാണ്. അല്ലാഹുവിനോടോ ഭർത്താവിനോടോ സ്വന്തം മക്കളോടോ ഉള്ള സ്നേഹം അവൾ കച്ചവടം ചെയ്യുന്നില്ല. സ്നേഹഭാജനത്തിന് വേണ്ടി സർവതും അർപ്പിക്കുക എന്നതാണ് അവളുടെ രീതി.[9]

മേൽകൊടുത്ത വിവരങ്ങളിൽനിന്ന്, ഖുർആനിൽ പുരുഷന്മാർക്ക് സ്ത്രീകളോടുള്ള സ്നേഹം മാത്രം എടുത്തു പറഞ്ഞത് സ്ത്രീകളുടെ സ്നേഹത്തെയും അടുപ്പത്തെയും അപേക്ഷിച്ച് പുരുഷ സ്നേഹത്തിന്റെ തീക്ഷ്ണത കൂടുതലായതുകൊണ്ടാണ് എന്ന ചില ഖുർആൻവ്യാഖ്യാതാക്കളുടെ അഭിപ്രായത്തിന്റെ ആഴമില്ലായ്മ വ്യക്തമാകുന്നുണ്ട്. സ്ത്രൈണ സ്നേഹത്തിന്നാണ് തീക്ഷ്ണതയും ആഴവുമുള്ളത് എന്നും നാം കാണുകയുണ്ടായി. എന്നാൽ *അൽമനാറി*ന്റെ കർത്താവ് മറ്റൊരു സമർഥമായ വ്യാഖ്യാനമാണ് ഈ സൂക്തഭാഗത്തിന് (3:14) നൽകുന്നത്. സൂക്തത്തിലെ 'അന്നിസാഅ്' എന്ന പദത്തിന് 'സ്ത്രീകൾ' എന്ന പ്രത്യക്ഷ അർഥമല്ല ഇവിടെ ഉദ്ദേശിച്ചിരിക്കുന്നതെന്നും 'ദാമ്പത്യം' (സൗജിയ്യ) ആണ് ഉദ്ദേശ്യമെന്നും അദ്ദേഹം പറയുന്നു. അപ്പോൾ, ദാമ്പത്യത്തിൽ സ്ത്രീപുരുഷന്മാർ തമ്മിലുള്ള സ്നേഹം എന്നായിത്തീരുന്നു അർഥം.[10]

മനുഷ്യന്റെ മറ്റു മോഹങ്ങളേക്കാൾ ഖുർആൻ മുന്തിച്ച് പറഞ്ഞ സ്ത്രീപുരുഷ അടുപ്പം അവന്റെ/ അവളുടെ ജൈവഘടനയുടെ ഭാഗമാണ്. അതിനെ മാറ്റിനിർത്താനാണ് ഭാവമെങ്കിൽ മനുഷ്യകുലത്തിന്റെ ശൈഥില്യമായിരിക്കും ഫലം. ഇനിയതിനെ കടിഞ്ഞാണില്ലാതെ അഴിച്ചുവിട്ടാലോ, മനുഷ്യനെ അത് അടിമപ്പെടുത്തുകയും നിന്ദിതനാക്കുകയും അവന്റെ/ അവളുടെ സ്വസ്ഥത നശിപ്പിക്കുകയും ചെയ്യുന്നു. നാഗരികതയിലേക്കുള്ള പ്രയാണത്തിൽ അത് തടസ്സങ്ങൾ സൃഷ്ടിക്കുന്നു. അപ്പോഴാണ് ലൈംഗികത ഉൾപ്പെടെയുള്ള മോഹങ്ങൾ അധമമായിത്തീരുന്നത്. ആ മോഹങ്ങൾ ലക്ഷ്യത്തിലേക്ക് എത്താനുള്ള മാധ്യമങ്ങൾ എന്ന നിലവിട്ട് സ്വയം ലക്ഷ്യമായിത്തീരുകയും മനുഷ്യൻ മോഹങ്ങളെ ഉടമപ്പെടുത്തുന്നതിന് പകരം മോഹങ്ങൾ മനുഷ്യനെ ഉടമപ്പെടുത്തുകയും ചെയ്യുന്നു.



ഓസ്‌വാൾഡ് ഷ്വാർസ്

**അവസാന വിശകലനത്തിൽ സ്ത്രീയും പുരുഷനും ഇരു വ്യക്തിത്വങ്ങളല്ല; ഒറ്റ വ്യക്തിത്വമാണ്. അത് രണ്ടായി പിളർത്തിയത്, ഇരുവരും ഒന്നിക്കാനുള്ള ശ്രമത്തിനിടയിൽ പച്ചപ്പുള്ള ഒരു ജീവിതവും സംസ്കാരവും കെട്ടിപ്പടുക്കുന്നതിന് വേണ്ടിയാണ്.**

സ്ത്രീ പുരുഷ ആകർഷണത്തിന്റെ ആഴവും ശക്തിയും മനസ്സിലാവണമെങ്കിൽ *ആലുഇംറാൻ* അധ്യായത്തിലെ 15-ാം സൂക്തം ഒന്നുകൂടി ശ്രദ്ധിച്ചുവായിച്ചു നോക്കുക. ഭൗതിക മോഹങ്ങൾ എണ്ണിപ്പറഞ്ഞ ശേഷം "അതൊക്കെയും ഏതാനും നാളത്തെ ഐഹികജീവിത വിഭവങ്ങളാകുന്നു" എന്നും, "ഭക്തിയുടെ പാത സ്വീകരിക്കുന്നവർക്ക് അവരുടെ നാഥങ്കൽ ആരാമങ്ങളുണ്ട്. അതിന് കീഴെ നദികൾ ഒഴുകിക്കൊണ്ടിരിക്കും. അവരവിടെ സ്ഥിരവാസികളായിരിക്കും. അവർക്കവിടെ പരിശുദ്ധരായ ഇണകളുണ്ട്" എന്നും പറയുന്നു. സൂക്തത്തിൽ എണ്ണിപറഞ്ഞ ഭൗതിക സുഖങ്ങളിൽ (സന്താനങ്ങൾ, സ്വർണം, വെള്ളി, കാലികൾ, കൃഷിയിടങ്ങൾ, മേത്തരം കുതിരകൾ....) ദാമ്പത്യം മാത്രമേ ഇവിടെ എടുത്തു പറഞ്ഞിട്ടുള്ളൂ. ദാമ്പത്യ ബന്ധത്തിന്റെ അഭാവത്തിൽ സൗഭാഗ്യം സാധ്യമല്ല എന്ന് സൂചിപ്പിക്കുന്നതുപോലെയുണ്ട് ഈ പരാമർശം. അവസാന വിശകലനത്തിൽ സ്ത്രീയും പുരുഷനും ഇരു വ്യക്തിത്വങ്ങളല്ല; ഒറ്റ വ്യക്തിത്വമാണ്. അത് രണ്ടായി പിളർത്തിയത്, ഇരുവരും ഒന്നിക്കാനുള്ള ശ്രമത്തിനിടയിൽ പച്ചപ്പുള്ള ഒരു ജീവിതവും സംസ്കാരവും കെട്ടിപ്പടുക്കുന്നതിന് വേണ്ടിയാണ്.

'പുരുഷന്റെ ഏറ്റവും വലിയ ഫിത്ന സ്ത്രീയാണ്' എന്ന നബിവചനത്തിന്റെ പൊരുളെന്ത് എന്നതാണ് മറ്റൊരു ചർച്ചാവിഷയം. പരീക്ഷണം എന്ന അർഥത്തിലേ ഇവിടെ 'ഫിത്ന'യെ കാണേണ്ടതുള്ളൂ. സ്ത്രീയോട് മാന്യമായി പെരുമാറുന്നുണ്ടോ ഇല്ലേ എന്നാണ് പുരുഷൻ പരീക്ഷിക്കപ്പെടുന്നത്. ധനത്തെക്കുറിച്ചും

സന്താനങ്ങളെക്കുറിച്ചും ഖുർആൻ 'ഫിത്ന' എന്ന് പ്രയോഗിച്ചിട്ടുണ്ട് (*അൽ അൻഫാൽ* 28). അവിടെയൊന്നും സന്താനങ്ങളെയോ ധനത്തെയോ താഴ്ത്തിക്കെട്ടിയല്ല ഖുർആൻ സംസാരിക്കുന്നത്. സ്ത്രീ മാത്രമല്ല ഫിത്ന; പുരുഷൻ സ്ത്രീക്കും ഫിത്നയാണ്. അതായത് അവർ പരസ്പരം പരീക്ഷിക്കപ്പെടുകയാണ്; അവർ തമ്മിലുള്ള ജൈവികവും നൈസർഗികവുമായ അടുപ്പം നല്ല കാര്യത്തിനാണോ ചീത്തകാര്യത്തിനാണോ ഉപയോഗിക്കുന്നത് എന്നു നോക്കി. "സ്ത്രീകൾ പുരുഷന്മാർക്ക് നാശമാണ്, പുരുഷന്മാർ സ്ത്രീകൾക്കു നാശമാണ്"എന്നൊരു നബിവചനത്തിൽ വന്നിട്ടുണ്ട്.

സ്ത്രീപുരുഷന്മാരിൽ ആരും ആർക്കും പരീക്ഷണമാകാം. ഇവർ തമ്മിലുള്ള ബന്ധം ഇഹത്തിലും പരത്തിലും ഏറ്റവും ഉത്കൃഷ്ടമായ സൗഭാഗ്യത്തിന് കാരണമാകാം. ഏറ്റവും വലിയ ദൗർഭാഗ്യത്തിനും ഇതേ ബന്ധം നിമിത്തമായെന്ന് വരും. ദുർവികാരങ്ങളിലേക്കും ധൂർത്തിലേക്കും പിശാച് അവരെ വഴിനടത്തുമ്പോഴാണ് അത് സംഭവിക്കുക. സ്ത്രീയായിരിക്കും പലപ്പോഴും ഈ വീഴ്ചക്ക് കാരണമായിത്തീരുക. കാരണം പുരുഷനെ അത്രയധികം സ്വാധീനിക്കാൻ അവൾക്ക് കഴിയുന്നു. സ്ത്രീയുടെ പതനം ഒരു സമൂഹത്തിന്റെ തകർച്ചയുടെ സൂചകമാണ്. അതിനാലാണ് സ്ത്രീകൾക്ക് വിദ്യാഭ്യാസവും ശിക്ഷണവും നൽകാൻ ഇസ്‌ലാം വളരെയധികം ശ്രദ്ധ ചെലുത്തുന്നത്. 'മാതാവ് ഒരു പാഠശാലയാണ്. നീ അവളെ പ്രാപ്തയാക്കിയാൽ മികവുറ്റ ഒരു തലമുറയെ ആണ് നീ വാർത്തെടുക്കുന്നത്' എന്നാണല്ലോ.

ഒരു നബിവചനത്തിൽ വന്നിട്ടുണ്ട്: "ഇസ്രയേൽ സന്തതികളുടെ ആദ്യ ഫിത്ന സ്ത്രീകളായിരുന്നു... കാരണം സ്ത്രീ തന്റെ ഭർത്താവിനോട് ഒരു പണക്കാരി പെണ്ണ് ആവശ്യപ്പെടുന്നപോലെ ആഡംബര സാധനങ്ങൾ ആവശ്യപ്പെടുമായിരുന്നു."[11]

ദൈവഭക്തി, ദൈവമാർഗത്തിൽ സമരം ചെയ്യാനുള്ള ആവേശം തുടങ്ങിയ ഉന്നത മൂല്യങ്ങൾ സ്ത്രീയുടെയും പുരുഷന്റെയും ഹൃദയത്തിൽനിന്ന് കൂടൊഴിയുമ്പോഴാണ് ഈ പതനം സംഭവിക്കുക. അപ്പോൾ ക്ഷണിക ഭൗതിക വിഭവങ്ങൾക്ക് ചുറ്റുമാവും അവർ കറങ്ങിക്കൊണ്ടിരിക്കുക. സ്ത്രീ-പുരുഷബന്ധം സമൂഹത്തിനും സംസ്കാരത്തിന് തന്നെയും ഒരു ദുരന്തമായിത്തീരുക ഈ വഴിതെറ്റൽ സംഭവിക്കുമ്പോഴാണ്. ദൈവിക അജണ്ടയനുസരിച്ചാണ് ആ ബന്ധമെങ്കിലോ, അത് ഇരുവർക്കും പരസ്പരം അനുഗ്രഹവർഷമായിത്തീരുകയും ചെയ്യും. ■

(പുസ്തകത്തിന്റെ ആദ്യഭാഗം ഇവിടെ അവസാനിക്കുന്നു. വിവ: അശ്റഫ് കീഴുപറമ്പ്).

### കുറിപ്പുകൾ

1. *തഫ്സീറുൽമനാർ* 3/240
2. The Psychology of sex by Oswald Schwarz (ശഅ്ബാൻ ബറകാതിന്റെ അറബി പരിഭാഷ, പേജ് 174)
3. *അത്തഹ്‌രീറു വത്തൻവീർ* 185,186
4. ഓസ്‌വാൾഡ്- *ലൈംഗികതയുടെ മനശ്ശാസ്ത്രം* (അറബിപതിപ്പ്) പേജ് 207
5. *അത്തഹ്‌രീറു വത്തൻവീർ* 197,213
6. ഓസ്‌വാൾഡ്- *ലൈംഗികതയുടെ മനശ്ശാസ്ത്രം*, പേജ് 270
7. റജാഗറോഡി- *ഫീ സബീലി ഇർതിഖാഇൽ മർഅ* (ജലാൽ മത്‌റഹിയുടെ അറബി പരിഭാഷ, പേജ് 72)
8. ലൈംഗിക ജീവിതത്തിൽ ഈ ഔന്നത്യം കാത്തുസൂക്ഷിക്കാൻ ഉദ്ബോധിപ്പിക്കുന്ന നിരവധി നബിവചനങ്ങൾ കാണാൻ കഴിയും. സ്ത്രീ-പുരുഷ ശാരീരികബന്ധം മൃഗങ്ങളുടെ വേഴ്ച പോലെ ആകരുതെന്നും ഉത്തേജിപ്പിക്കുന്ന കൊച്ചു സംസാരവും ചുംബനവും ലൈംഗികബന്ധത്തിന് മുമ്പ് ഉണ്ടാവണമെന്നും ഒരു നബിവചനത്തിലുണ്ട്. 'അവർ നിങ്ങൾക്ക് വസ്ത്രം, നിങ്ങൾ അവർക്ക് വസ്ത്രം' എന്ന ഖുർആനിക വചനത്തിൽ നിന്ന് ലൈംഗിക ജീവിതത്തെ ഈ ഉയർന്ന നിലവാരത്തിലേക്ക് കൊണ്ടുവരേണ്ടത് ഇരുവരുടെയും ധർമമാണെന്ന് വരുന്നു.
9. ഇബ്നുൽ അസീർ തന്റെ *അൽകാമിൽ* എന്ന ഗ്രന്ഥത്തിൽ (2/13) ഉഹ്ദു യുദ്ധത്തിലെ ഒരു സംഭവം വിവരിക്കുന്നുണ്ട്. യുദ്ധം കഴിഞ്ഞ് നബി തിരിച്ചുവരുമ്പോൾ ഹംന ബിൻത് ജഹ്ശ് എന്ന മഹതിയെ കാണാനിടയായി. അവളുടെ സഹോദരന്മാരായ അബ്ദുല്ലയും ഹംസയും രക്തസാക്ഷികളായ വിവരം പ്രവാചകൻ ഹംനയെ അറിയിച്ചു. ഹംന അവർക്ക് വേണ്ടി പ്രാർഥിച്ചു. ഭർത്താവ് മുസ്അബ് ബ്നു ഉമൈറും രക്തസാക്ഷിയായി എന്നറിയിച്ചപ്പോൾ ഹംന മുഖംതിരിച്ച് ഉച്ചത്തിൽ കരഞ്ഞുപോയി. അപ്പോൾ പ്രവാചകൻ പറഞ്ഞു: "സ്ത്രീയുടെ ഭർത്താവിന് അവളുടെ മനസ്സിൽ ഒരു സ്ഥാനമുണ്ട്."
10. *തഫ്സീറുൽ മനാർ* 3/241
11. മുസ്‌ലിം ഉദ്ധരിച്ചത്